## പഠന സഹായങ്ങൾ

# കർത്തൃദിവസം

ഓവെൻ ഡി. ഓൾബ്രൈറ്റ്

*"കർത്തൃദിവസത്തിൽ ഞാൻ ആത്മവിവശനായി, കാഹളത്തിനൊ ത്തൊരു മഹാ ശബ്ദം എന്റെ പുറകിൽ കേട്ടു" (വെളിപ്പാട് 1:10).*

മിസ്രയിം അടിമത്വത്തിൽ നിന്നുള്ള അവരുടെ വിടുവിപ്പു അവർ ഓർമ്മിക്കേണ്ട ഒരു ദിവസം ഉണ്ടായിരുന്നു. ക്രിസ്ത്യാനികൾക്കു തങ്ങൾ പാപത്തിൽ നിന്നു വിടുവിക്കപ്പെട്ടതു ഓർമ്മിക്കുവാൻ ഒരു പ്രത്യേക ദിവസം ഉണ്ടോ? ക്രിസ്ത്യാനികൾ ശബ്ബത്തിൽ യിസ്രായേലിന്റെ വിശ്രമ - ദിവസമായി കൂടി വരേണ്ടതുണ്ടോ, അല്ലെങ്കിൽ ക്രിസ്ത്യാനികൾക്കു ക്രിസ്തുവിന്റെ മരണത്താലും ഉയിർത്തെഴുന്നേല്പിനാലും പാപത്തിൽ നിന്നു വിടുവിച്ചതിന്റെ ഓർമ്മക്കായി പ്രത്യേക ദിവസം നല്കിയിട്ടുണ്ടോ?

ക്രിസ്ത്യാനികൾ കൂടിവരേണ്ട ദിവസത്തെക്കുറിച്ചുള്ള തെളിവുകൾ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു (1) പുതിയ നിയമോപദേശം, (2) പ്രാരംഭ സഭ "കർത്തൃദിവസം" ഉപയോഗിച്ചതിന്റെ അർത്ഥം, (3) ക്രിസ്ത്യാനികളുടെയും അ - ക്രൈസ്തവരുടെയും എഴുത്തുകളിൽ കാണുന്ന ചരിത്രപരമായ രേഖകൾ എന്നിവയാണ്. പ്രാരംഭ ക്രിസ്ത്യാനികൾ ഏഴാം ദിവസം കൂടി വന്നിരുന്നെങ്കിൽ അതു യെഹൂദാചാരമായ ശബ്ബത്ത് ആചരിക്കുന്നതിനല്ല, മറ്റൊരു ഉദ്ദേശത്തിനായിരിക്കും.

യേശുവിന്റെ കാലത്തു, യെഹൂദജനം ശബ്ബത്തിൽ കൂടി വന്നിരുന്നു. അതു സൗകര്യപ്രദമായ സമയമാണ്, കാരണം അന്നു അവർ വേല ചെയ്യാതിരുന്നു. "പള്ളികളുടെ മുഖ്യമായ ഉദ്ദേശം, പരസ്യാരാധനയായിരുന്നില്ല, എന്നാൽ തിരുവെഴുത്തു നിർദ്ദേശങ്ങൾ നല്കുന്നതിനായിരുന്നു."[1]

### പുതിയ നിയമവേദഭാഗങ്ങൾ

ക്രിസ്ത്യാനികൾ ശബ്ബത്തിൽ കൂടി വന്നിരുന്നില്ല. ശബ്ബത്തു കഴിഞ്ഞു പിറ്റേ ദിവസം ആണ് യേശുവിന്റെ മരണവും ഉയിർപ്പും ഓർക്കുന്നതിനു അവർ കൂടി വന്നിരുന്നത്.

ക്രിസ്ത്യാനികൾ കൂടി വന്നിരുന്ന ഏക പ്രത്യേക ദിവസം കാണുന്നതു പ്രവൃത്തികൾ 20:7 ലാണ്:

> ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ, ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ, പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ടു, അവരോടു സംഭാഷിച്ചു പാതിര വരെയും പ്രസംഗം നീട്ടി (പ്രവൃത്തികൾ 20:7).

പെന്തെക്കൊസ്തു പെരുന്നാളിനു യെരുശലേമിലേക്കു പോകുവാൻ പൗലൊസ് ഒരുങ്ങിയിരുന്നെങ്കിലും (പ്രവൃത്തികൾ 20:16), അവൻ ഒരാഴ്ച്ച മുഴുവൻ ത്രോവാസിൽ തങ്ങുകയും (പ്രവൃത്തികൾ 20:6) അങ്ങനെ ക്രിസ്ത്യാനികൾ കൂടി വരുമ്പോൾ, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ അവരോടൊപ്പം കൂടി വരുവാനും കഴിയും എന്നു വിചാരിച്ചു. അവർ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ, അവൻ ആ അവസരം അവരോടു പ്രസംഗിക്കുവാൻ തിരഞ്ഞെടുത്തു. എഫ്. എഫ്. ബ്രൂസ് എഴുതി,

> ക്രിസ്ത്യാനികൾ ആ ദിവസം ആരാധിക്കുവാൻ കൂടി വന്നിരുന്നു എന്ന അസന്നിഗ്ദ്ധമായ തെളിവാണ് "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസം" അവർ അപ്പം നുറുക്കുവാൻ കൂടി വന്നിരുന്നു എന്നതു. ത്രോവാസിലെ സഞ്ചാരികളും അവരുടെ സഹ - ക്രിസ്ത്യാനികളും തുറമുഖത്തു താമസിച്ചിരുന്നവരും അപ്പം നുറുക്കുന്നതിനു കൂടി വന്നിരുന്നു.[2]

സൈമൺ ജെ. കിസ്റ്റെമേക്കർ സമ്മതിച്ചു:

> "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ" (അതായതു., ഞായറാഴ്ച്ച; ഇതാണ് ഞായറാഴ്ച്ച ആരാധനയുടെ ആദ്യത്തെ സൂചനാ വാക്യം) ക്രിസ്ത്യാനികൾ കർത്താവിന്റെ മേശ ആഘോഷിക്കുവാൻ കൂടി വന്നു, അതു തിരുവത്താഴവും, "സ്നേഹവിരുന്നും" കഴിഞ്ഞായിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ, പ്രകടിപ്പിച്ച അപ്പം നുറുക്കൽ അർത്ഥമാക്കുന്നതു തിരുവത്താഴ ആഘോഷത്തെയാണ്. ...[3]

വില്ലിറോർഡോർഫ് എഴുതി, "തീർച്ചയായും, പ്രവൃത്തികൾ 20:7 അർത്ഥമാക്കുന്നതു കർത്തൃമേശയല്ലാതെ മറ്റൊന്നുമല്ല."[4]

ജെ. ഡബ്ലിയു. മെക്ക്ഗാർവേ ശരിയായി എഴുതി:

> ശിഷ്യന്മാർ അപ്പം നുറുക്കിയതു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു എന്നു ഈ വേദഭാഗം വ്യക്തമാക്കുന്നു; ഈ കല്പന പ്രമാണിക്കുകയായിരുന്നു അവരുടെ കൂടി വരവിന്റെ മുഖ്യ ഉദ്ദേശം. പൗലൊസിന്റെ അന്നത്തെ പ്രസംഗം യാദൃശ്ചികമായിരുന്നു. കർത്തൃമേശ ആദ്യം സ്ഥാപിച്ചപ്പോൾ, അതു എപ്പോഴൊക്കെ അനു

ഷ്ഠിക്കണമെന്നു പറഞ്ഞിരുന്നില്ല. കർത്താവിന്റെ വാക്കുകൾ ഇതാ, "ഇതു, കുടിക്കുമ്പോഴൊക്കെയും, എന്റെ ഓർമ്മക്കായി ചെയ്വിൻ എന്നു പറഞ്ഞു" [1 കൊരിന്ത്യർ 11:25]. അതിൽ കൂടുതലായി ഒന്നും പറഞ്ഞിട്ടില്ല, അതു എപ്പോഴൊക്കെ ആചരിക്കണമെന്നു അതാതു ഇട വകക്കായി വിട്ടുകൊടുത്തു. എന്നാൽ അപ്പൊസ്തലന്മാർ മറ്റുകാര്യ ങ്ങളിലെന്ന പോലെ ഇക്കാര്യത്തിലും ദൈവശ്വാസിയമായി, കർത്താ വിന്റെ വ്യക്തിപരമായ ഉപദേശത്താൽ നയിക്കപ്പെട്ട, മാതൃകയാണ് നമ്മുടെ സഹായി. വളരെ കുറച്ചുമാത്രം ഈ വിഷയത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു, പക്ഷെ ആ വിവരണം നല്കുന്നതു ആ കല്പന ആഴ്ച്ചതോറും ആചരിച്ചിരുന്നു എന്നാണ്. [5]

കർത്തൃമേശയായി വിവരിക്കുന്ന, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആയിരുന്നു ക്രിസ്ത്യാനികൾ പ്രത്യേകമായി കൂടി വന്നിരുന്നതെന്നു പ്രവൃത്തികൾ 20:7 വ്യക്തമാക്കുന്നു. അവർ മറ്റു സമയങ്ങളിൽ ആരാ ധിക്കുവാൻ കൂടി വന്നിരുന്നു, എന്നാൽ അവർക്കു ഞായറാഴ്ച്ച, കർത്തൃദിവസം, പ്രത്യേക ദിവസം ആയിരുന്നു.

ക്രിസ്ത്യാനികൾ കൂടി വന്നിരുന്നതു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു എന്നു കാണിക്കുന്ന മറ്റൊരു വാക്യമാണ്: "വിശുദ്ധ ന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ, ഞാൻ ഗലാ ത്യസഭകളോടു ആജ്ഞാപിച്ചതുപോലെ, നിങ്ങളും ചെയ്വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന്നു, ആഴ്ച്ചവട്ട ത്തിൽ ഒന്നാം നാൾ തോറും, നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴി വുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം" (1 കൊരിന്ത്യർ 16:1, 2).

ഈ പ്രസ്താവനയിൽ നിന്നു നാലു തീർപ്പിലെത്താം:

(1) പൗലൊസ് കല്പിച്ച പരിശീലനം കൊരിന്ത്യ സഭയ്ക്കുമാത്ര മായിരുന്നില്ല, മറ്റു സഭകൾക്കു കൂടെ ആയിരുന്നു.

(2) ധർമ്മശേഖരം ആവശ്യമുള്ളവരെ സഹായിക്കുന്നതിനുള്ളതാ യിരുന്നു, അതു പൗലൊസ് വന്നു ഓരോ സ്ഥലത്തും പോയി ശേഖരി ക്കാതിരിക്കേണ്ടതിനു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ചരതിച്ചു വെക്കുവാനായിരുന്നു കല്പിച്ചത്.

(3) ക്രിസ്ത്യാനികൾ ഒരുമിച്ചു കൂടുന്ന ദിവസമായതുകൊണ്ടാണ് ഞായറാഴ്ച്ച തിരഞ്ഞെടുത്തത്. അവർ കൂടി വരുമ്പോൾ പ്രാപ്തി പോലെ കൊടുത്തിരുന്നു.

(4) ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വരുന്നതിനു പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നിരിക്കണം; അല്ലെങ്കിൽ മറ്റൊരു ദിവസം തിര ഞ്ഞെടുക്കുമായിരുന്നു.

## കർത്തൃദിവസം

വെളിപ്പാട് 1:10 ലെ "കർത്തൃ ദിവസത്തിൽ" എന്ന പ്രയോഗം സൂചി പ്പിക്കുന്നതു ആദ്യ സഭക്കു യേശുവിനെ ആദരിക്കുവാൻ ഒരു പ്രത്യേക ദിവസം ഉണ്ടായിരുന്നു. "കർത്തൃദിവസം" എന്ന പ്രയോഗം (ഗ്രീക്ക്.:

*ടെ കുറിയാക്കേ* [അല്ലെങ്കിൽ *കൈറിയാക്കേ] ഹെമെറാ*) അതു "കർത്താവിന്റെ ദിവസം" എന്നതുപോലെയല്ല (ഗ്രീക്ക്.: *ഹേമെറാ ടൗ ഹിറിയോ*), സൂചിപ്പിക്കുന്നത് ദൈവം ഏതെങ്കിലും തന്റെ കോപത്താൽ പ്രതികാരം വീട്ടി നശിപ്പിക്കുന്നതിനെയാണ് (2 പത്രൊസ് 3:10).

ഒരു പൊസസിവു നൗണിനു പകരം, *കുറിയാക്കേ* എന്ന ഒരു അഡ്ജക്റ്റിവ് ഉപയോഗിച്ചിരിക്കുന്നതു കർത്താവിനെ ആദരിക്കുവാൻ ഒരു ദിവസം എഴുതിയിരിക്കുന്നതു കാണിക്കുന്നു. ഇതു "ഫ്ളാഗ് ഡേ," പോലെ അല്ലെങ്കിൽ "ചക്രവർത്തി ദിവസം," എന്നോ "സ്വാതന്ത്ര്യദിനം" എന്നോ പറയുന്നതുപോലെയാണ്; ഇവിടെയും നാമം അഡ്ജക്റ്റിവ് ആയി ഉപയോഗിച്ചിരിക്കുന്നതിനാൽ ആ ദിവസങ്ങൾ മാറ്റി വെച്ചിരിക്കുന്നത് ഫ്ളാഗിനെയും, ചക്രവർത്തിയെയും, അല്ലെങ്കിൽ സ്വാതന്ത്ര്യത്തെയും ബഹുമാനിക്കുന്നതിനാണ്.

"കർത്തൃദിവസം" (പൊസസിവു രൂപം ആവശ്യമില്ല കാരണം അതു അഡ്ജക്റ്റിവ് ആണ്), അല്ലെങ്കിൽ "ഇംപീരിയൽ ഡേ" (ഇന്റർലീനിയർ വെർഷനിലെ തർജ്ജിമ പോലെ),[6] എന്നതു കർത്താവിനെ ആദരിക്കുന്നതിനും, അവനെ ഓർമ്മിക്കുന്നതിനും വേർതിരിച്ചിരിക്കുന്ന പ്രത്യേക ദിവസം. അതു യെഹൂദന്മാരെ മിസ്രയിമിൽ നിന്നു വിടുവിച്ചു കൊണ്ടുവന്നതിനെ ഓർമ്മിക്കുന്നതിനും, വിശ്രമിക്കുന്നതിനും ഉള്ള, യെഹൂദ ശബ്ബത്തുപോലെ ആയിരുന്നില്ല.

അഡ്ജക്റ്റിവ് എന്ന "കർത്താവു," *കുറിയാക്കേ,* പുതിയ നിയമത്തിൽ ഒരു പ്രാവശ്യമേ കാണുന്നുള്ളൂ. അതു കർത്താവിനെ ആദരിക്കുന്നതും ഓർമ്മിക്കുന്നതുമായ കർത്തൃമേശയെ സൂചിപ്പിക്കുന്നു (1 കൊരിന്ത്യർ 11:20-26). അവനെ ആദരിക്കുന്ന ആ അത്താഴം പ്രത്യേക ദിവസത്തിൽ ആചരിക്കുവാൻ മാറ്റി വെച്ചിരിക്കുന്നു.

*ടെ കുറിയാക്കെ ഹെമേരാ* എന്ന പ്രയോഗം പുതിയ നിയമത്തിനു പുറത്തു ഉപയോഗിച്ചിരുന്നതു, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ, ഞായറാഴ്ച്ചയാണ്. അതു യോഹന്നാൻ വെളിപ്പാട് 1:10-ൽ പറഞ്ഞതായ, ഞായറാഴ്ച്ച ആത്മ വിവശനായി എന്ന വസ്തുതക്കു ഘനം കൂട്ടുന്നു. യേശു ഉയിർത്തെഴുന്നേറ്റതു ആഴ്ച്ചയുടെ ആ ദിവസം ആയിരുന്നു (മത്തായി 28:1; മർക്കൊസ് 16:1, 2; ലൂക്കൊസ് 24:1) ക്രിസ്ത്യാനികൾ കൂടി വന്നതും അന്നായിരുന്നു.

## പ്രാരംഭ ക്രിസ്തീയ സാഹിത്യം

"കർത്തൃദിവസം" എന്നതു ഞായറാഴ്ച്ചയാണെന്നു മിക്ക പണ്ഡിതന്മാരും സമ്മതിച്ചിരിക്കുന്നു. ഈ തീർപ്പു സ്ഥിരീകരിക്കുന്ന പ്രയോഗങ്ങളാണ് ഞായറാഴ്ച്ചയെ സൂചിപ്പിച്ചു കൊണ്ടുള്ള രണ്ടാം - നൂറ്റാണ്ടിലെ സാഹിത്യം പറഞ്ഞിരിക്കുന്നതു.[7] ഉദാഹരണമായി, ഏ.ഡി. 180-ൽ എഴുതപ്പെട്ട *പത്രൊസിന്റെ സുവിശേഷത്തിൽ* ഈ പ്രസ്താവന അടങ്ങിയിരിക്കുന്നു: "കർത്താവിന്റെ ശിഷ്യനായിരുന്ന, മഗ്ദലക്കാരത്തി മറിയ കർത്തൃദിവസം അതികാലത്തു ... കല്ലറക്കൽ വന്നു."[8] ഏ.ഡി. 190-ൽ അലക്സാന്ത്രിയക്കാരനായിരുന്ന ക്ലെമന്റ് എഴുതി, "സുവിശേഷപ്രകാരം അവൻ കല്പന പ്രമാണിക്കയും കർത്തൃമേശ ആചരിക്ക

യും, എപ്പോഴെല്ലാം ദുർമ്മനസ്സു നീങ്ങിപ്പോയോ ... അപ്പോഴെല്ലാം കർത്താവിന്റെ ഉയിർത്തെഴുന്നേല്പിനെ തന്നിൽ തന്നെ മഹത്വപ്പെടുത്തി."[9]

യേശു ഉയിർത്തെഴുന്നേല്പിനുശേഷം പ്രത്യക്ഷമായതും തെളിയിക്കുന്നതു, ഞായറാഴ്ച്ച പ്രത്യേക ദിവസം ആയിരുന്നു എന്നാണ്.

> ഉയിർത്തെഴുന്നേറ്റ ക്രിസ്തു പ്രത്യക്ഷപ്പെട്ട എട്ടിൽ ആറുപ്രാവശ്യവും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതു സംഭവിച്ചതു ഞായറാഴ്ച്ചയായിരുന്നു: (1) മഗ്ദലക്കാരത്തി മറിയക്ക് (യോഹന്നാൻ 20:11–18); (2) അവന്റെ ശരീരത്തിൽ സുഗന്ധവർഗ്ഗം പൂശുവാൻ വന്ന സ്ത്രീകൾക്ക് (മത്തായി 28:7–10); (3) എമ്മവുസിലേക്കുള്ള വഴിയിൽ രണ്ടു ശിഷ്യന്മാർക്കു (ലൂക്കൊസ് 24:13–33); (4) ശിമോൻ പത്രൊസിന്നു (24:34); (5) തോമാസ് ഇല്ലാതിരുന്നപ്പോൾ പത്തു ശിഷ്യന്മാർക്ക് (യോഹന്നാൻ 20:19–23; മറ്റു വാക്യങ്ങൾ ലൂക്കൊസ് 24:36–49); (6) തോമാസ് ഉണ്ടായിരുന്നപ്പോൾ പതിനൊന്നു ശിഷ്യന്മാർക്ക് (യോഹന്നാൻ 20:24 –29).[10]

മറ്റു പ്രധാന സംഭവങ്ങളും ഞായറാഴ്ച്ചയാണ് സംഭവിച്ചത്. പെസഹാ പെരുന്നാൾ കഴിഞ്ഞുള്ള ഞായറാഴ്ച്ചയാണ് യേശു ഉയിർത്തെഴുന്നേറ്റതു, ഞായറാഴ്ച്ചക്കു പ്രത്യേക പ്രാധാന്യം (മത്തായി 28:1) അമ്പതു ദിവസങ്ങൾക്കു ശേഷമാണ് പെന്തെക്കൊസ്തു നാൾ വന്നതു (ലേവ്യാ പുസ്തകം 23:15, 16), പെന്തെക്കൊസ്തു ദിവസമാണ്, അപ്പൊസ്തലന്മാരിൽ ആത്മാവു പകർന്നതും, സഭ സ്ഥാപിച്ചതും (പ്രവൃത്തികൾ 2:1–4).

യേശുവിനെ ക്രിസ്ത്യാനികൾ ആദരിക്കയും ഓർമ്മിക്കയും ചെയ്തിരുന്ന "കർത്തൃദിവസം" ആയ പ്രത്യേക ദിവസം ആകുവാനുള്ള തെളിവു ബലപ്പെടുകയാണ്. ഈ പദ പ്രയോഗം പ്രാരംഭ എഴുത്തുകാർ ഉപയോഗിച്ചതും, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച്ചയെ സൂചിപ്പിച്ചാണ്.

### ചരിത്രപരമായ തെളിവു

കൂടി വരുന്നതിനുള്ള ഒരു പ്രത്യേക ദിവസമായി, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ ഞായറാഴ്ച്ച സഭ ആരാധിച്ചിരുന്നു എന്ന് അപ്പൊസ്തലന്മാർക്കുശേഷം ഉടനെ എഴുതിയ എഴുത്തുകളിൽ നിന്നു മനസ്സിലാക്കാം. ഇതിൽ രണ്ടാം – നൂറ്റാണ്ടിലെ എഴുത്തുകാരും ഉൾപ്പെടുന്നു (എ.ഡി. 101–200):

> (1) "പുതിയ പ്രത്യാശ ലഭിച്ചവർ, പിന്നീട് ശബ്ബത്തു ആചരിക്കാതെ [ലിറ്റ – "ശബ്ബത്തിങ്ങ്"] എന്നാൽ കർത്തൃദിവസം അനുസരിച്ചു ജീവിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത് [ഗ്രീക്ക്.: *കൈരിയാക്കേ,* "ദിവസം" എന്ന വാക്ക് കൂടാതെ] അതു അവൻ മുഖാന്തരവും അവന്റെ മരണവും മുഖാന്തരമാണ്" (മാഗൻ. 9.1). *കൈരിയാക്കേ* ഇവിടെ

> വെളിപ്പാട് 1:10 ചുരുക്കിയ രൂപം ആണെന്നു തോന്നുന്നു. ഈ വസ്തുത, സന്ദർഭത്തിൽ "ദിവസം" എന്നാണ് വേദഭാഗത്തിൽ തർജ്ജിമ ചെയ്തിരിക്കുന്നത്. ഈ സന്ദർഭത്തിൽ പ്രത്യേകമായി ആരാധനയെ കുറിച്ചു ഇഗ്നേഷ്യസ് പറയുന്നില്ല. (2) 14:1 അസാധാരണ പ്രകടനം *കൈരിയാക്കേ കൈറിയോ* ആണോ "കർത്തൃ [ദിവസം] കർത്താവിന്റെ," ക്രിസ്തീയാരാധനാവസരം, എന്നാൽ ഇതു ശബ്ദത്തിന്റെ അവസരത്തിനു വിപരീതമല്ല. (3) പ്ളീനി അതു പോലെ ട്രാജനുള്ള തന്റെ പ്രസിദ്ധമായ കത്തിൽ (*ഇ പി. എക്സ്.* 96) പറയുന്നു ക്രിസ്ത്യാനികൾ തീർച്ചപ്പെടുത്തിയ ഒരു ദിവസം (വാക്കുകളുടെ രൂപത്തിൽ പാട്ടു പാടിയിരുന്നു), എന്നാൽ അദ്ദേഹം ദിവസത്തെ പ്രത്യേകമായി എടുത്തു പറയുന്നില്ല. (4) ബാൺ. 15:9 ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിന്റെ പ്രാധാന്യത്തെ പറയുന്നുണ്ട് (പഴയ സൃഷ്ടിയുടെ എട്ടാം നാൾ എന്നു വിളിച്ചിരിക്കുന്നു), എന്നാൽ *കൈരിയാക്കേ* ഉപയോഗിച്ചിട്ടില്ല. ഈ വേദ ഭാഗങ്ങളെ യോജിപ്പിച്ചാൽ ക്രിസ്ത്യാനികൾ ആരാധിക്കുവാൻ കൂടി വന്നിരുന്നത്, ഉയിർത്തെഴുന്നേല്പു ദിവസമായ, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ആയിരുന്നു എന്നു വ്യക്തമാകും.[11]

ഒരുപക്ഷെ, അപ്പൊസ്തലനായിരുന്ന യോഹന്നാന്റെ ശിഷ്യനായിരുന്ന ഇഗ്നേഷ്യസ് ആയിരുന്നേക്കാം *മഗ്നേഷ്യൻസിന്റെ* ലേഖകൻ. പ്ലീനി ഒരു ക്രിസ്ത്യാനി ആയിരുന്നില്ല, എന്നാൽ ട്രാജൻ ചക്രവർത്തിയുടെ കീഴിൽ ബിഥിന്യയിലും പൊന്തൊസിലും റോമൻ നാടുവാഴി ആയിരുന്നതുകൊണ്ടു, ക്രിസ്തീയ പ്രവർത്തനങ്ങളെക്കുറിച്ചു അറിവുണ്ടായിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അദ്ദേഹം ട്രാജൻ ചക്രവർത്തിക്കു ക്രിസ്ത്യാനികളെ കുറിച്ചു ഒരു കത്തെഴുതി. ആ രേഖയിൽ നിന്നെടുത്തതാണ് മുൻപു നല്കിയ ഉദ്ധരണി: "പ്രകാശം വരുന്നതിനു മുൻപു അവർക്കുകൂടി വരുന്ന പരിശീലനം ഉണ്ടായിരുന്നു."[12]

ഏതാണ്ടു അതേ സമയം എഴുതപ്പെട്ട *ഡിഡാക്കേയിൽ*, പറയുന്നു, "നിങ്ങളുടെ യാഗം വിശുദ്ധം ആകേണ്ടതിന്നു, ആദ്യം നിങ്ങളുടെ അകൃത്യങ്ങൾ ഏറ്റു പറഞ്ഞു, കർത്താവിന്റെ തന്നെ ദിവസത്തിൽ നിങ്ങൾ അപ്പം നുറുക്കുകയും, സ്തോത്രം ചൊല്ലുകയും വേണം."[13]

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഴുതപ്പെട്ടതായിരുന്നു സങ്കല്പനാമമുള്ള *ബർന്നബാസിന്റെ ലേഖനം.* അതിൽ ഈ പ്രസ്താവനയുണ്ട്. "യേശു മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു, അതുകൊണ്ടു കൂടെ എട്ടാം നാൾ ഞങ്ങൾ സന്തോഷത്തോടെ ആചരിക്കുന്നു, ..."[14] എന്തുകൊണ്ടാണ് അതിനെ എട്ടാം നാൾ എന്നു വിളിച്ചതെന്നു ക്രിസ്ത്യാനിയായ ജസ്റ്റിൻ മാർട്ടിർ പറയുന്നു, "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ, അതു എല്ലാ ദിവസങ്ങളുടേയും ആരംഭമാണെങ്കിലും, ദിവസങ്ങൾ എണ്ണിവരുമ്പോൾ എട്ടാമതായിവരും (അപ്പോഴും ഒന്നാം ദിവസമായിത്തന്നെ ശേഷിക്കുന്നു)."[15]

ക്രിസ്തീയ കൂടിവരവിനെ കുറിച്ചു ജസ്റ്റിൻ എഴുതിയതു രണ്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെയാണ്,

> ഉൾജില്ലയിലോ, പട്ടണത്തിലോ ഉള്ള ആളുകൾ, ഞായറാഴ്ച്ച എന്നു വിളിക്കുന്ന ദിവസം ഒരുമിച്ചു ഒരു സ്ഥലത്തുകൂടി വരുമായിരുന്നു. പ്രവാചകന്മാരുടെ എഴുത്തുകളും അപ്പൊസ്തലന്മാരുടെ ഓർമ്മക്കുറിപ്പുകളും സമയം ലഭിക്കുന്നതിനനുസരിച്ചു വായിച്ചിരുന്നു.[16]

> ഞായറാഴ്ച്ചയാണ് ഞങ്ങൾ പൊതുവായി സഭായോഗം കൂടിയിരുന്നതു, കാരണം ആ ദിവസമാണ് ദൈവം ഇരുട്ടും, വസ്തുവും മാറ്റി ലോകത്തെ ഉണ്ടാക്കിയതു; അന്നുതന്നെയാണ് ഞങ്ങളുടെ രക്ഷിതാവായ ക്രിസ്തു; മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റതും.[17]

ആ ദിവസം അവർ ഓരോരുത്തരും "തങ്ങൾക്കു ബോധിച്ചവണ്ണം," നല്കിയിരുന്നു എന്നും അദ്ദേഹം എഴുതിയിരുന്നു,[18] അതു സൂചിപ്പിക്കുന്നതു ക്രിസ്ത്യാനികൾ ശബ്ബത്തിൽ ആരാധിച്ചിരുന്നില്ല എന്നു മാത്രമല്ല, പഴയ നിയമ പ്രകാരമുള്ള ദശാംശവും അവർ നല്കിയിരുന്നില്ല എന്നു സ്പഷ്ടം.

"സമയം ലഭിക്കുന്നതനുസരിച്ചു" എന്ന ജസ്റ്റിന്റെ പ്രസ്താവനയിൽ ക്രിസ്ത്യാനികളെ പരിമിതമാക്കുന്നു, കാരണം അവർക്കു പ്രഭാതത്തിൽ കൂടി വന്നശേഷം ജോലി ചെയ്യുവാൻ പോകയും ചെയ്യാം. യെഹൂദ ശബ്ബത്തിൽ ആണ് അവർ ആരാധിച്ചിരുന്നതെങ്കിൽ, സമയം നോക്കാതെ ദിവസം മുഴുവൻ എടുത്ത് ആരാധിക്കാമായിരുന്നു.

*ട്രിഫോയുമായുള്ള സംഭാഷണ*മായി, ജസ്റ്റിൻ എഴുതി, "എന്റെ സ്നേഹിതരേ, നിങ്ങൾക്കു ഞങ്ങളെ, ഇതൊഴിച്ചു, മറ്റൊന്നിലും കുറ്റപ്പെടുത്തുവാൻ സാധ്യമല്ലല്ലോ? നിങ്ങൾ ചെയ്യുന്നതുപോലെ ശബ്ബത്ത് ആചരിക്കുകയോ, അല്ലെങ്കിൽ, നിങ്ങളുടെ പിതാക്കന്മാർ ജഡത്തിൽ പരിഛേദന ഏറ്റതുപോലെയോ, ഞങ്ങൾ ന്യായപ്രമാണം അനുസരിക്കുന്നില്ല."[19]

കൊരിന്തിലെ ബിഷപ്പായിരുന്ന, ഡയോനിസ്യസ്, ഏ.ഡി. 170-ൽ, റോമിലെ സഭയ്ക്കു ഒരു കത്ത് എഴുതി, "ഇ - ന്നു കർത്താവിന്റെ വിശുദ്ധ ദിവസം ആചരിച്ചപ്പോൾ, ഞങ്ങൾ നിങ്ങളുടെ ലേഖനം വായിച്ചു."[20]

"കർത്തൃദിവസം മാത്രം, കർത്താവിന്റെ ഉയിർത്തെഴുന്നേല്പിനെ ആഘോഷിക്കുന്ന" കടമ നിലനിർത്തിക്കൊണ്ടു, ഏ.ഡി. 178-ൽ, ലിയോൺസിലെ ബിഷപ്പായ ഐറിനിയസ്, റോമിലെ സഭയ്ക്കു ഒരു കത്തെഴുതി."[21] മറ്റൊരു ലേഖകൻ തീർച്ചപ്പെടുത്തി,

> ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ ഓർമ്മയുമായ ബന്ധത്തിൽ ക്രിസ്ത്യാനികൾ ആരാധിക്കുവാൻ കൂടി വന്നതു ഞായറാഴ്ച്ചയായിരുന്നു എന്നു [രണ്ടാം നൂറ്റാണ്ടിലെ] സാക്ഷ്യങ്ങൾ മുഴുവൻ വ്യക്തമാക്കുന്നു. ആ കാലത്തു ഞായറാഴ്ച്ചയുണ്ടായിരുന്ന അവരുടെ ആരാധന ഒരുതരത്തിലുള്ള വിശ്രമമോ അല്ലെങ്കിൽ യെഹൂദ ശബ്ബത്തുമായി ബന്ധപ്പെട്ടുള്ള ആചാരമോ ആയിരുന്നില്ല.[22]

മൂന്നാം നൂറ്റാണ്ടിൽ നിന്നുള്ള (ഏ.ഡി. 201-300) ശക്തമായ തെളിവു സൂചിപ്പിക്കുന്നത്, ക്രിസ്ത്യാനികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ, ഞായറാഴ്ച്ച കൂടി വന്നിരുന്നു എന്നാണ്.

ഏ. ഡി. 201-ൽ എഴുതിയ, തെർത്തുല്യൻ, പറഞ്ഞു, "നാം ഞായറാഴ്ച്ച ആഘോഷ ദിവസമായി എടുക്കുന്നതുകൊണ്ട് അതെല്ലാവർക്കും നന്നായി - അറിയപ്പെടുന്നതിനാൽ മറ്റുള്ളവർ, ... വിചാരിച്ചതു, സൺ ക്രിസ്ത്യാനികളുടെ ദേവൻ ആണ് എന്നത്രേ."[23] കൂടാതെ അദ്ദേഹം പറഞ്ഞു, "ശബ്ബത്തുകൾ ഞങ്ങൾക്കു അന്യമാണ്."[24]

ഏതാണ്ട് ഏ.ഡി. 200-ൽ ബാർഡെസെൻസ് എഴുതി, "ഒരു ദിവസം, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ, ഞങ്ങൾ ഒരുമിച്ചു കൂടി വരുന്നു. ..."[25]

*അപ്പൊസ്തലന്മാരുടെ ഉപദേശങ്ങൾ*, മൂന്നാം നൂറ്റാണ്ടിന്റെ അവസാനം എഴുതിയതു, ഈ നിർദ്ദേശം നൽകുന്നു:

> പിന്നെ അപ്പൊസ്തലന്മാർ നിയമിക്കപ്പെട്ടു: ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ ശുശ്രൂഷയും, തിരുവെഴുത്തു വായനയും, അപ്പം നുറുക്കലും [കർത്തൃമേശയിൽ നിന്നു പങ്കിടൽ] ചെയ്യണം: കാരണം, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേറ്റു, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവൻ സ്വർഗ്ഗാരോഹണം ചെയ്തു, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവൻ തന്റെ സ്വർഗ്ഗീയ ദൂതന്മാരുമായി വീണ്ടും വരും.[26]

കാർത്തേജിലെ ബിഷപ്പ് ആയിരുന്ന, സൈപ്രിയൻ, പറഞ്ഞതു എട്ടാം നാളിലെ ആരാധനയുടെ മുന്നലങ്കാരമായിരുന്നു എട്ടാം നാളിലെ പരിഛേദന. ഏ.ഡി. 253-ൽ, കാർത്തേജിലെ, മൂന്നാം കൗൺസിലിൽ നിന്നുള്ള സിനോഡിക്കൽ എപ്പിസ്റ്റിൽ ആയി എഴുതിയതിൽ പറഞ്ഞു,

> "എട്ടാം ദിവസം ആകുവാൻ കാരണം ... കർത്താവു വീണ്ടും എഴുന്നേല്ക്കുന്നതു എട്ടാം ദിവസം ആകണം ... ആത്മിയ പരിഛേദന നല്കുകയും ചെയ്തിരിക്കുന്നു, ... അങ്ങനെ കർത്താവിന്റെ ദിവസം, ആലങ്കാരികമായി മുൻപേ വന്നു." [27]

ക്രിസ്ത്യാനികൾ ഞായറാഴ്ച്ച അവരുടെ ആരാധനാ ദിവസമാക്കി എന്നു ഈ യാദൃശ്ചിക സാക്ഷ്യങ്ങൾ വ്യക്തമാക്കുന്നു. ഏ.ഡി. 36-37-ൽ കോൺസ്റ്റൻടൈൻ റോമാ സാമ്രാജ്യത്തിന്റെ ചക്രവർത്തി ആകുന്നതിനു മുൻപു എഴുതപ്പെട്ടവയായിരുന്നു മുൻപറഞ്ഞ സാക്ഷ്യങ്ങൾ എല്ലാം. ക്രിസ്തീയാരാധന ശനിയാഴ്ച്ച മാറി ഞായറാഴ്ച്ച ആയതാണെന്നു പറയുന്നവർ മനസ്സിലാക്കേണ്ടതു തെളിവു നേരെ എതിരാണ് എന്നതാണ്. ക്രിസ്ത്യാനികൾ ശനിയാഴ്ച്ച ആരാധിക്കുന്നതു ഞായറാഴ്ച്ചയാക്കിയ മാറ്റം കോൺസ്റ്റൻടൈൻ വരുത്തിയതാണ്; മറിച്ച്, ഏ.ഡി. 321-ൽ, അയാൾ പുറപ്പെടുവിച്ച കല്പനയിൽ പറയുന്നതു ക്രിസ്ത്യാനികൾ ആരാധിച്ചിരുന്ന ദിവസമായ ഞായറാഴ്ച്ച റോമാ സാമ്രാജ്യം മുഴുവനും എല്ലാ മത വിഭാഗങ്ങൾക്കും പരസ്യ അവധിയായിരിക്കും

എന്നാണ്.

പ്രാരംഭ സഭാ എഴുത്തുകാരുടെ പ്രസ്താവനകൾ ഉദ്ധരിച്ചു, എവറെറ്റ് ഫെർഗൂസൻ പറഞ്ഞു, "ക്രിസ്ത്യാനികൾ ആരാധിച്ചു വന്ന ദിവസം തെളിയിക്കപ്പെട്ടതും തെറ്റുകൂടാത്തതുമായ വസ്തുതയാണ്. അവർ യെഹൂദന്മാരെ പോലെ, ഏഴാം ദിവസമായ, ശബ്ബത്ത് അല്ല ആചരിച്ചത്, എന്നാൽ, അവർ കൂടി വന്നതു ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പു ദിവസമായ, ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളാണ്."[27]

ഞായറാഴ്ച്ച ആരാധിക്കുവാൻ കൂട്ടാക്കാത്തവർ പറയുന്നതു, അതു സൂര്യദേവന്നു ബഹുമാനം കൊടുക്കുന്ന പേരാണ് എന്നാണ് വാദിക്കക്കുന്നത്. അതു യുക്തി സഹജമായിരുന്നുവെങ്കിൽ, അതുപോലെ ശനിയാഴ്ച്ച ആരാധിക്കുന്നതും തെറ്റാണ്, കാരണം ആ ദിവസം, റോമൻ കൃഷിദേവൻ ആയിരുന്ന ശനിദേവനെ ആദരിക്കുന്നതാണ്.

**ഉപസംഹാരം**

അപ്പം നുറുക്കുകയും, മുന്തിരിവള്ളിയുടെ അനുഭവത്തിൽ നിന്നു കുടിക്കുകയും ചെയ്തു, യേശുവിനെ ഓർമ്മിക്കയും ആദരിക്കുകയും ചെയ്തത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളായ, ഞായറാഴ്ച്ചയായിരുന്നു ക്രിസ്ത്യാനികൾ കൂടിവന്നു ആരംഭം മുതൽ ആരാധിച്ചിരുന്നതു എന്നു എല്ലാ ലഭ്യമായ ചരിത്ര വിവരണങ്ങളും വ്യക്തമാക്കുന്നു. അവർ ശബ്ബത്തിലല്ല ഇതു ചെയ്തതു. യെഹൂദ (ജാതികൾ അല്ല) ക്രിസ്ത്യാനികൾ യിസ്രായേലിൽ താമസിച്ചവരും, വിദേശത്ത് ചിതറിപോയവരും തുടർന്നും ശബ്ബത്തിൽ വിശ്രമിച്ചിരുന്നു; എങ്ങനെയായാലും, അങ്ങനെ ചെയ്തവർ പോലും ഞായറാഴ്ച്ച കർത്തൃമേശ ആചരിച്ചിരുന്നു.

വില്ലി റോഡോർഫ് ശരിയായി തീർച്ചപ്പെടുത്തി,

> ... ഒരു പ്രാദേശിക സഭ കർത്തൃമേശക്കായി ഞായറാഴ്ച്ച കൂടി വരാതിരിക്കുന്നതു പുരാതന സഭയ്ക്കു ചിന്തിക്കുവാൻ പോലും പ്രയാസമാണ്. ഞായറാഴ്ച്ച കർത്തൃമേശയില്ലെങ്കിൽ വാസ്തവത്തിൽ ഒന്നുമില്ല; അത്താഴം മുഖ്യവും മറ്റു ശുശ്രൂഷാ ഭാഗങ്ങൾ ഒക്കെയും അതിനോടു ചേർന്നു നില്ക്കുന്നവയുമായിരുന്നു. മറ്റു സമയങ്ങളിൽ അവർ കൂടി വന്നിരുന്നതു പൊതുവായ പ്രാർത്ഥനക്കും അല്ലെങ്കിൽ പൊതുവായ ഭക്ഷണത്തിനുമായിരുന്നു, പക്ഷെ ഞായറാഴ്ച്ച മാത്രമായിരുന്നു കർത്താവിന്റെ അത്താഴത്തിനു കൂടി വന്നതു.[28]

ക്രിസ്ത്യാനികൾക്കു, ഞായറാഴ്ച്ച പ്രത്യേക ദിവസമാണ് – വിശ്രമിക്കുന്നതിനല്ല, ആരാധനക്കുള്ളതാണ്. വിശിഷ്യ, ക്രിസ്ത്യാനികൾ.

---

കുറിപ്പുകൾ

[1]ജെ. ഡി. ഡഗ്ളസ്, എഡ്., *ദ ന്യൂ ഇന്റർനാഷണൽ ഡിക്ഷ്ണറി ഓഫ് ദ ബൈബിൾ*, ജെൻ. എഡ്. മെറിൽ സി. ടെന്നെ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:

റീജെൻസി റെഫറൻസ് ലൈബ്രറി, സോണ്ടർവാൻ പബ്ളിഷിങ് ഹൗസ്, 1987), എസ്.വി. "സിനഗോഗ്," ബൈ വാൾട്ടർ ഡബ്ലിയു. വെസെൽ. [2]എഫ്. എഫ്. ബ്രൂസ്, *കമെന്ററി ഓൺ ദ ബുക്ക് ഓഫ് ദ ആക്ട്സ്*, ദ ന്യൂ ഇന്റർനാഷണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ്, ജെൻ. എഡ്. എഫ്. എഫ്. ബ്രൂസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1986), 407–8. [3]സൈമൺ ജെ. കിസ്റ്റെമേക്കർ, *ന്യൂ ടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ആക്ട്സ് ഓഫ് ദ അപ്പൊസ്തൽസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1990), 716. [4]വില്ലി റോർഡോർഫ്, *സണ്ടേ,* ട്രാൻസ്. ഏ. ഏ. കെ. ഗ്രഹാം (ഫിലാദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രെസ്സ്, 1968), 221. [5]ജെ. ഡബ്ലിയു. മെക്ക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം. 2 (ലെക്സിങ്ങ്ടൺ, കീ.: എൻ. പി., 1892; റീപ്രിന്റ്, ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ്, എൻ. ഡി.), 179. [6] *ദ ഇന്റർലീനിയർ എൻഎഎസ്ബി - എൻഐവി പാരലൽ ന്യൂ ടെസ്റ്റമെന്റ് ഇൻ ഗ്രീക്ക് ആന്റ് ഇംഗ്ലീഷ്*, ഇന്റർലീനിയർ ട്രാൻസ്. ആൽഫ്രഡ് മാർഷൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ളിഷിങ് ഹൗസ്, 1993), 702. [7]എച്ച്. വാട്ടർമാൻ, "ദ ലോഡ്സ് ഡേ," ഇൻ *ദ സോണ്ടർവാൻ പിക്ചോറിയൽ എൻസൈക്ളോപീഡിയ ഓഫ് ദ ബൈബിൾ*, വാല്യം. 3, ജെൻ.എഡ്. മെറിൽ സി. ടെന്നേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1975), 965. [8] *ഗോസ്പെൽ ഓഫ് പീറ്റർ* 12:50, ക്വോട്ടഡ് ഇൻ എവറെറ്റ് ഫെർഗൂസൻ, *ഏർലി ക്രിസ്റ്റ്യൻസ് സ്പീക്ക്* (അബിലീൻ, ടെക്സ്.: ബിബ്ലിക്കൽ റിസേർച്ച് പ്രെസ്സ്, 1971), 68. [9]ക്ലെമന്റ് ഓഫ് അലക്സാണ്ട്രിയ *മിസെല്ലനീസ്* VII. xii.76.4, ക്വോട്ടഡ് ഇൻ ഫെർഗൂസൻ, 68. [10]വാട്ടർമാൻ, 964.

[11]ജെഫ്രി ഡബ്ലിയു. ബ്രോമിലേ, "ലോഡ്സ് ഡേ," ഇൻ ദ ഇന്റർനാഷണൽ *സ്റ്റാൻഡാർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, ജെൻ. എഡ്. ജെഫ്രി ഡബ്ലിയു. ബ്രോമിലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ളിഷിങ് കമ്പനി., 1986), 3:159. [12]പ്ലിനി *ലെറ്റേഴ്സ്* X. xcvi, ക്വോട്ടഡ് ഇൻ ഫെർഗൂസൻ, 81. [13] *ഡിഡാക്കേ* 14:1, ഇൻ ജെ. ബി. ലൈറ്റ് ഫുട്ട്, ട്രാൻസ്, ആന്റ് എഡ്., *ദ അപ്പൊസ്തലിക് ഫാദേഴ്സ്,* എഡ്. ആന്റ് കംപ്ലീറ്റഡ് ജെ. ആർ. ഹാർമെർ (ലണ്ടൻ: മാക്മില്ലൻ ആന്റ് കമ്പനി., 1891; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1971), 128. [14] *എപ്പിസ്റ്റൽ ഓഫ് ബർണബാസ്* 15, ഇൻ ലൈറ്റ്ഫുട്ട്, 152. [15]ജസ്റ്റിൻ മാർട്ടിർ *ഡയലോഗ് വിത്ത് ട്രിഫൊ* 41:4, ക്വോട്ടഡ് ഇൻ ഫെർഗൂസൻ, 68. [16]ജസ്റ്റിൻ മാർട്ടിർ *അപ്പൊളജി I* 67.3. [17]ജസ്റ്റിൻ മാർട്ടിർ *അപ്പൊളജി I* 67.7. [18]ജസ്റ്റിൻ മാർട്ടിർ *അപ്പൊളജി I* 67.6. [19]ജസ്റ്റിൻ മാർട്ടിർ *ഡയലോഗ് വിത്ത് ട്രിഫൊ* 10:1, ക്വോട്ടഡ് ഇൻ ഫെർഗൂസൻ, 68. [20]ക്വോട്ടഡ് ഇൻ യൂസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 4.23.

[21]ഐറേനിയസ്, ക്വോട്ടഡ് ഇൻ യൂസേബിയസ് 5.24. [22]വാട്ടർമാൻ, 966. [23]തെർത്തുല്യൻ *ടു ദ നേഷൻസ്* 1.13. [24]തെർത്തുല്യൻ *ഓൺ ഐഡൊലേറ്ററി* 14.6, ക്വോട്ടഡ് ഇൻ ഫെർഗൂസൻ, 68. [25]ബാർഡെസെയിൻസ് *ഓൺ ഫെയിറ്റ്,* ക്വോട്ടഡ് ഇൻ ഫെർഗൂസൻ, 69. [26] *ദ ടീച്ചിങ്ങ് ഓഫ് ദ അപ്പൊസ്തൽസ്*, ദ ആന്റി-നൈസീൻ ഫാദേഴ്സ്, വാല്യം. 8, 668. [27]ഫെർഗൂസൻ, 70. [28]റോർഡോഫ്, 305.

© 2009 Truth for Today